കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മൈലപ്ര ഗ്രാമപഞ്ചായത്ത് - വിദേശത്ത് പോകുന്നതിന് ധനസഹായം നൽകുന്ന പദ്ധതി- കാലതാമസം ഒഴിവാക്കി ധനസഹായം നൽകുന്നതിന് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 164/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 25.01.2019

പരാമർശം :- 1. മൈലപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.10.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.37 നമ്പർ തീരുമാനം .

**ഉത്തരവ്**

മൈലപ്ര ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീസതീഷ് കുമാറിന് വിദേശത്ത് തൊഴിൽ ലഭിച്ചു നിശ്ചിത സമയത്തിനകം അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കാത്തതിനാൽ ആനുകൂല്യം ലഭിക്കാതെയാണ് വിദേശത്തേക്ക് പോയത്. ഇദ്ദേഹത്തിന് ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്ന് മൈലപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച പ്രസ്തുത യോഗത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം ഒഴിവാക്കി തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറക്ക് മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകാൻ മൈലപ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൈലപ്ര ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ